**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ളാർക്കായിരിക്കെ മരണമടഞ്ഞ ജി.പ്രകാശിന്റെ മകനും ആശ്രിതനുമായ ശ്രീ.സൗരഭ് പ്രകാശിന് ധനകാര്യവകുപ്പിൽ അസിസ്റ്റന്റായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (കൈ) നം.**29/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം, **06/02/2016.**

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.

2) ശ്രീ. സൗരഭ് പ്രകാശിന്റെ 01/08/2013 ലെ അപേക്ഷ

3) പഞ്ചായത്ത് ഡയറക്ടറുടെ 04/11/2013 ലെ ഇ 7-39478/13 നമ്പർ കത്ത്.

4) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19/01/2015 എസ്.6. 32347/2014/ഡി.ഡിസ് നമ്പർ കത്ത്.

5) സർക്കാർ ഉത്തരവ് (എം.എസ്) നം.326/2015/പൊ.ഭ.വ, തീയതി, 28/12/2015.

## ഉത്തരവ്

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ളാർക്കായിരിക്കെ മരണമടഞ്ഞ ജി.പ്രകാശിന്റെ മകനും ആശ്രിതനുമായ ശ്രീ.സൗരഭ് പ്രകാശിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരേതനായ ജി. പ്രകാശിന് 13 വർഷവും 10 മാസവും 27 ദിവസവും സേവന കാലമുണ്ട്.

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ളാർക്കായിരിക്കെ 16/05/2005 ലാണ് ശ്രീ. ജി.പ്രകാശ് നിര്യാതനാവുന്നത്. അപേക്ഷകനായ ശ്രീ.സൗരഭ് പ്രകാശ് പരേതന്റെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്.

അപേക്ഷകന്റെ ജനനതീയതി 27/05/1993 ആണ്. 22 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ ബി.കോം ഡിഗ്രി പരീക്ഷ പാസ്സായിട്ടുണ്ട്. അസിസ്റ്റൻറ് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിരുന്നത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ ജി. പ്രകാശിന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശിയുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 2,41,800/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും തിരുവനന്തപുരം ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

പരാമർശം 5 പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 310 സൂപ്പർന്യൂമററി തസ്തികകൾ വിവിധ വകുപ്പുകൾക്ക് അനുവദിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപേക്ഷകരുടെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ, ആദ്യത്തെ 12 പേരെ പൊതുഭരണ സെക്രട്ടേറിയറ്റിലേയ്ക്കും അടുത്ത് 18 പേരെ ധനകാര്യ വകുപ്പിലേയ്ക്കുമാണ് വിഭജിച്ചിട്ടുള്ളത്. ഇപ്രകാരം ശ്രീ. സൗരഭ് പ്രകാശിന് ധനകാര്യ വകുപ്പിലേയ്ക്കാണ് നിയമനം നൽകേണ്ടത്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്കായിരിക്കെ മരണമടഞ്ഞ ജി.പ്രകാശിന്റെ മകനും ആശ്രിതനുമായ ശ്രീ.സൗരഭ് പ്രകാശിന് പരാമർശം 5 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ അസിസ്റ്റന്റായി നിയമനം നൽകുന്നതിന് ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരേതനായ ജി. പ്രകാശിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാളുടെ ആശ്രിതനിയമ വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ.വി**
**ഗവ.ജോയിന്റ് സെക്രട്ടറി**

ശ്രീ.സൗരഭ് പ്രകാശ്, തകിടിവിള വീട്, മൈതാനം, വർക്കല പി.ഒ, പിൻ 695143 തിരുവനന്തപുരം
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
ധനകാര്യ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
ജില്ലാ കളക്ടർ, തിരുവനന്തപുരം .
സെക്രട്ടറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് , കൊല്ലം
പൊതുഭരണ(സി.ഇ).സെൽ വകുപ്പ്
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ